മത്താ. 28:16-20

**ഉയിർപ്പ് നാലാം ഞായർ**

**2024 ഏപ്രിൽ 21**



**ഫാ. ജേസാബ് ഇഞ്ചക്കാട്ടുമണ്ണിൽ**

വചനസന്ദേശം

# ലോകാവസാനം വരെ കൂടെയുണ്ട്

**അസ്സീസ്സിയിലെ** പുണ്യവാളൻ സന്യാസസഭ തുടങ്ങാനുള്ള മോഹവുമായി അനുവാദത്തിനായി പരിശുദ്ധ പിതാവിനെ കാണുവാൻ പോയി. ചാക്കുവസ്ത്രവും ചകിരിക്കയറിന്റെ അരക്കെട്ടും അലസമായ മുടിയും ദയനീയമായ നടപ്പും മട്ടും... മാർപാപ്പയ്ക്ക് തീരെ ബോധിച്ചില്ല ഈ സാധുവിനെ. നിങ്ങൾ പന്നികളോട് സുവിശേഷം പ്രസംഗിക്കൂ എന്ന് പരിഹസിച്ച് പാപ്പ അവനെ പുറത്താക്കി. പാപ്പായുടെ കല്പ്പന പാലിക്കാനായി ഫ്രാൻസീസ് വത്തിക്കാന്റെ പ്രാന്തപ്രദേശത്തുള്ള പന്നിക്കൂട്ടിൽ പോയി വചനം പറഞ്ഞു തുടങ്ങി. ദൈവിക അരുളപ്പാടു കിട്ടിയ പാപ്പ ഫ്രാൻസീസിനെ തേടിയിറങ്ങി. പന്നിക്കുഴിയിലിറങ്ങി പന്നികളോട് വചനം പ്രസംഗിക്കുന്ന ഫ്രാൻസീസിന്റെ എളിമയുടെയും അനുസരണത്തിന്റെയും മുന്നിൽ പാപ്പാ അമ്പരന്നു. ഫ്രാൻസീസിന് അതു ശീലമായി മാറി. കടവിലിരുന്ന് മത്സ്യങ്ങളോടും കാട്ടിലിരുന്ന് കുരുവികളോടും മൃഗങ്ങളോടും ഇഴജന്തുക്കളോടും ഫ്രാൻസീസ് ദൈവഹിതം പങ്കുവച്ചിരുന്നു. അവയാകട്ടെ കാതുകൂർപ്പിച്ച് ഫ്രാൻസീസിനെ കേൾക്കുമായിരുന്നത്രേ. ആക്രമണകാരിയായ ഒരു ചെന്നായ ഫ്രാൻസീസിന്റെ പ്രസംഗംകേട്ട് മാനസാന്തരപ്പെട്ട് കുഞ്ഞാടായി മാറിയ കഥ ജീവചരിത്രകാരന്മാർ പറയുന്നുണ്ട്. 'സകലജാതികളോടും' സുവിശേഷം പ്രസംഗിച്ച ഫ്രാൻസീസ് എന്ന മഹാപ്രേഷിതൻ രണ്ടാമത്തെ ക്രിസ്തുവായി.

## പ്രേഷിതൻ ക്രിസ്തുവിന്റെ തുടർച്ച

'മഹത്തായ നിയോഗം' (Great Commission) എന്ന പേരിലാണ് മത്തായി 28:16–20 അറിയപ്പെടുന്നത്. താൻ പറഞ്ഞതും ചെയ്തതും ലോകത്തിന്റെ അതിരുകളും വരെ തുടരുവാൻ അവിടുന്ന് ശിഷ്യരെ ചുമതലപ്പെടുത്തുന്നതാണ് ഈ വചന ഭാഗത്തിന്റെ പ്രധാന പ്രതിപാദ്യമെങ്കിലും മുഴുവൻ സുവിശേഷത്തിന്റെയും സമാപന സന്ദേശമായി ഇത് നിലകൊള്ളുന്നു. മുൻവിവരണങ്ങളെ അനുസ്മരിപ്പിക്കുന്ന പദപ്രയോഗങ്ങൾ ഈ വചനഭാഗത്ത് ദൃശ്യമാണ്.

പരസ്യജീവിതത്തിന്റെ ആരംഭം കുറിക്കുന്ന 4:12 ലെ 'ഗലീലി'തന്നെയാണ് സമാപനരംഗവും.

യേശുവിന്റെ ആദ്യപ്രഭാഷണവേദിയായ മല (5:1) തന്നെയാണ് വിടവാങ്ങൽ സന്ദേശത്തിന്റെയും വേദി.

ശിഷ്യരുടെ സംശയം 14:31–33 ലെ പത്രോസിന്റെ സംശയത്തെ ഓർമ്മിപ്പിക്കുന്നു.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലുള്ള മാമ്മോദീസായെക്കുറിച്ചുള്ള പരാമർശം മത്തായി 3:13–17 ലെ യേശുവിന്റെ മാമ്മോദീസായെ ഓർമ്മിപ്പിക്കുന്നു.

28:20 ൽ 'ഞാൻ നിങ്ങളോടുകൂടെയുണ്ട്' എന്ന വാഗ്ദാനം 1:23 ലെ ഇമ്മാനുവൽ പ്രവചനത്തെ ഓർമ്മിപ്പിക്കുന്നു.

എല്ലാവരെയും ശിഷ്യപ്പെടുത്താനുള്ള നിർദ്ദേശം, യേശു ശിഷ്യരെ വിളിക്കുന്ന രംഗങ്ങളെ ഓർമ്മിപ്പിക്കുന്നു (മത്താ. 4:89).

യഹൂദരുടെ ഇടയിൽ മാത്രമായി ചുരുക്കപ്പെട്ടിരുന്ന പ്രേഷിതപ്രവർത്തനത്തെ (10:56; 15:24) എല്ലാ ജനതകളെയും ശിഷ്യപ്പെടുത്താനുള്ള കല്പ്പനയിലൂടെ സാർവത്രികവത്കരിക്കുന്നു.

'ഞാൻ നിങ്ങളോട് കല്പ്പിച്ചവ... പഠിപ്പിക്കുവിൻ' എന്ന പ്രബോധനം സുവിശേഷത്തിന്റെ മുഴുവൻ ഉള്ളടക്കത്തേയും പഠിപ്പിക്കാനുള്ള കല്പ്പനയായി കരുതാം.

ചുരുക്കത്തിൽ ശിഷ്യരുടെ പ്രേഷിത പ്രവർത്തനം എന്നത് വ്യത്യസ്തമായ ഒരു പ്രവൃത്തിയല്ല, അത് യേശുവിന്റെ പ്രവർത്തനങ്ങളുടെ തുടർച്ചയാണ്. ഒരു വ്യക്തിയുടെ വാക്കും പ്രവൃത്തിയും ചിന്തയും യേശുവിന്റേതിനു സമാനമാകുമ്പോഴാണ് പ്രസ്തുതവ്യക്തി പ്രേഷിതനാകുന്നത്. ഈ അർത്ഥത്തിലാണ് സഭ സ്വഭാവത്താലേ പ്രേഷിതയാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത്. സഭ ക്രിസ്തുവിന്റെ തുടർച്ചയാണ് എന്നു പറയുന്നതും സഭ പ്രേഷിതയാണ് എന്നു പറയുന്നതും ഒരേ അർത്ഥത്തിലാണ് എന്നു സാരം.

സഭയെ അവതരിപ്പിക്കാൻ ഉപയോഗിക്കുന്ന ഈ വചനഭാഗത്ത് ക്രിസ്തുവിന്റെ അഭിധാനങ്ങൾ അപ്പസ്തോലൻ ആവർത്തിച്ചുറപ്പിക്കുന്നതിന്റെ അർത്ഥവും ഇതുതന്നെയാണ്: സ്വർഗത്തിലും ഭൂമിയിലുമുള്ള സമസ്ത അധികാരവും ലഭിക്കുന്നതിലൂടെ (വാ. 18) ദാനിയേൽ 7:13–14 ലെ 'മനുഷ്യപുത്രനായി' ക്രിസ്തു സ്വയം പ്രതിഷ്ഠിക്കുന്നു. സമസ്ത അധികാരവും ലഭിക്കുക വഴി അവിടുന്നു 'കർത്താവാ'ണ്. ഞാൻ നിങ്ങളോടു കല്പിച്ചവ പഠിപ്പിക്കുക എന്ന കല്പനയിലൂടെ യേശു സ്വയം 'ഗുരു'വായി പ്രഖ്യാപിക്കുന്നു. 'എല്ലാ ജനതകൾക്കുമുള്ള രക്ഷ'യെ സൂചിപ്പിക്കുന്നതിലൂടെ (വാ. 19 = ഉൽപ. 12:13; 18:18; 22:18) യേശു 'അബ്രാഹത്തിന്റെ പുത്രനായി' സ്വയം അവതരിപ്പിക്കുന്നു. 'എന്നും നിങ്ങളോടു കൂടി...' എന്ന വാഗ്ദാനത്തിലൂടെ അവിടുന്ന് തന്നെത്തന്നെ എമ്മാനുവലായി അവതരിപ്പിക്കുന്നു. ചുരുക്കത്തിൽ ക്രിസ്തു എന്തായിരുന്നുവോ അത് ആയിത്തീരുവാനാണ് അവിടുന്നു സഭയെ സ്ഥാപിച്ചത്.

## യേശുവിന്റെ വാഗ്ദത്തം

(വി: മത്തായി 28:16–20) വി. മത്തായിയുടെ സുവിശേഷം 28–ാം അദ്ധ്യായം യേശുവിന്റെ പുനരുത്ഥാനം, യഹൂദരുടെ കപടത, ശിഷ്യന്മാരുമായുള്ള യേശുവിന്റെ അവസാനത്തെ കണ്ടുമുട്ടൽ, യേശുവിന്റെ വാഗ്ദാനം, ശിഷ്യരോടുള്ള നിർദേശങ്ങൾ ഇവയാണ് പ്രധാന അടയാളങ്ങൾ.

VS 16-20, യേശു സുവിശേഷം പ്രഘോഷിക്കുന്നതിനായി ശിഷ്യന്മാരെ ചുമതലപ്പെടുത്തി. യേശു അവർക്ക് നല്കിയ വെളിപ്പെടുത്തലും മൂന്ന് വാഗ്ദാനങ്ങളുമുണ്ട്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജ്ഞാനസ്നാനം നല്കുകയും ചെയ്തു.

വാഗ്ദാനങ്ങൾ വഴി ഇവിടെ യേശു തന്റെ മഹത്വം കാണിക്കുന്നു. യേശുവിന്റെ അധികാരം വാഗ്ദാനത്തോടൊപ്പമായിരുന്നു. എല്ലാ തിന്മകളുടെയും മേൽ അവന് അധികാരം ഉണ്ട്. ഒന്നിനും നമ്മെ ഉപദ്രവിക്കാൻ പറ്റില്ല. ശിഷ്യൻമാർക്ക് ദൗത്യം പൂർത്തിയാക്കാനുള്ള തീക്ഷ്ണത നൽകുകയായിരുന്നു അവിടുത്തെ ഉദ്ദേശ്യം.

രണ്ടാമത്തെ വാഗ്ദത്തം, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും... ഇവിടെ പരിശുദ്ധ ത്രിത്വത്തിന്റെ ബന്ധം നമുക്ക് കാണിച്ചു തരുന്നു. ജ്ഞാനസ്നാനം നൽകാൻ യേശു അധികാരം നൽകി. യേശുവിന്റെ ശിഷ്യർ എപ്പോഴും ത്രിത്വത്തെ വിളിച്ച് ജീവിതകർമ്മങ്ങൾ ആരംഭിക്കണം. അതുപോലെ തന്നെ നമ്മൾ എല്ലാവരോടും പങ്കുവയ്ക്കലിലും ഐക്യത്തിലും ആയിരിക്കണമെന്ന് പരിശുദ്ധ ത്രിത്വം നമുക്ക് കാണിച്ചു തരുന്നു.

ഞാൻ നിങ്ങളോടൊപ്പമുണ്ടാകും... യേശുവിന്റെ മരണത്തിനുശേഷം ശിഷ്യർ തികച്ചും അസ്വസ്ഥരായിരുന്നു... വീടുകളിൽ നിന്ന് പുറത്തിറങ്ങാനും ജനങ്ങളെ അഭിമുഖീകരിക്കാനും അവർക്ക് കഴിഞ്ഞില്ല. തങ്ങൾ വളരെയധികം വിശ്വസിച്ചിരുന്ന വ്യക്തിയെ അവർക്ക് ആശ്രയിക്കാൻ കഴിഞ്ഞിരുന്നില്ല. അവരുടെ വേദനകളിൽ തന്റെ സാന്നിധ്യം പ്രകടിപ്പിക്കാനും കൂടുതൽ ശക്തി നൽകാനും അവൻ ആഗ്രഹിച്ചു. ദൈവസ്നേഹത്തെക്കുറിച്ച് ലോകം മുഴുവൻ പ്രസംഗിക്കാൻ നിയോഗിച്ചു. തുടർന്നും അവന്റെ വാഗ്ദാനങ്ങൾ നമ്മിൽ നിലകൊള്ളുന്നു.

നമ്മുടെ ജീവിത സാഹചര്യങ്ങളിൽ ശിഷ്യന്മാരെപ്പോലെ ഭയം, ആശയക്കുഴപ്പം, സംശയം എന്നിവ നമുക്ക് ഉണ്ടാകുമ്പോൾ ഈശോ പറയുന്നു, 'ഭയപ്പെടേണ്ട ഞാൻ നിങ്ങളോടു കൂടെയുണ്ട്.' ✦